6. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

	കാലതാമസ പത്രികകളുടെ വിശദാംശം		
വിഷയനിർണ്ണയ സമിതി	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും	2014-15	4	68, 69

7. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

	കാലതാമസ പത്രികകളുടെ വിശദാംശം		
വിഷയനിർണ്ണയ സമിതി	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും	2014-15	4	111

VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VIII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. മുരളീധരൻ: സർ, " 2016 ഫെബ്രുവരി മാസം 5-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദി പ്രമേയത്തിന് ഭേദഗതി നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

(നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, അങ്ങ് പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ അങ്ങ് പ്രസംഗിക്കുന്നത് ശരിയല്ല. അതുകൊണ്ട് പ്രസംഗമെല്ലാം ഒഴിവാക്കുന്നു. അങ്ങേക്ക് നാളെ നന്ദിപ്രമേയത്തിന്മേലുള്ള പ്രസംഗം നടത്താവുന്നതാണ്. ഒരു കാര്യംകൂടി ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു, കാര്യോപദേശക സമിതി ചർച്ച ചെയ്തതനുസരിച്ച് ഗവർണ്ണറുടെ നന്ദിപ്രമേയത്തിനുള്ള ചർച്ച മൂന്നുദിവസം എന്നാണ് തീരുമാനിച്ചിരുന്നത്. ഇന്നത്തെ ചർച്ച നഷ്ടപ്പെടുകയാണ്. അതുകൊണ്ട് ആ ചർച്ച രണ്ടുദിവസം ഉണ്ടായിരിക്കും. നാളെയും മറ്റെന്നാളുമായുള്ള ദിവസങ്ങളിൽ ആ ചർച്ച നടത്തുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കശേഷം 12.10-ന് പിരിഞ്ഞു.)

****

GPM. 2/237/2020-60

LIBRARY ARCHIVES Kerala Legislative Assembly